## 6-ാംമത് യു.സി.എൽ.ജി എ.എസ്.പി.എ.സി കോൺഗ്രസ്സിൽ കൊച്ചിയെ പ്രതിനിധീകരിച്ച് മേയർ സൗമിനി ജെയിൻ സൗത്ത് കൊറിയയിൽ




പരസ്പര സഹകരണത്തിലൂടെയും സാങ്കേതിക വിദ്യയുടെ കൈമാറ്റത്തിലൂടെയും ലോകനഗരങ്ങൾ പരസ്പരം സഹായിച്ചും സഹകരിച്ചും പുതിയ ഒരു നഗര ഐക്യം (Cities Alliance) രൂപപ്പെടുത്തണം എന്ന് മേയർ സൗമിനി ജെയിൻ അഭിപ്രായപ്പെട്ടു. സൗത്ത് കൊറിയയിലെ ജിയൊലാബുക്-ടു (Jeollabuk-do) പ്രൊവിൻസിൽ sept 5 മുതൽ– 8 വരെ നടന്ന 6-ാംമത് യു.സി.എൽ.ജി എ.എസ്.പി.എ.സി (United Cities and Local Governments Asia Pacific) ലോക്കൽ കോൺഗ്രസ്സിനെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു മേയർ സൗമിനി ജെയിൻ.

വളർച്ചയുടെ പാതയിൽ കൊച്ചി അടക്കമുള്ള ഇന്ത്യൻ നഗരങ്ങൾ നേരിടുന്ന നിരവധി പ്രശ്നങ്ങൾ കോൺഗ്രസ്സിൽ അവതരിപ്പിച്ച മേയർ സൗമിനി ജെയിൻ, സാങ്കേതിക വിദ്യയുടേയും വൈദഗ്ധ്യത്തിന്റേയും വികസിത നഗരങ്ങളിൽ നിന്നുള്ള കൈമാറ്റം ഇന്ത്യൻ നഗരങ്ങൾക്ക് അനിവാര്യമാണ് എന്ന് പറഞ്ഞു.